പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 621 — 01.12.2015 ൽ മറുപടിക്ക്

ഇ-ഗവേണൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.കെ.അച്യുതൻ<br>ശ്രീ .സി .പി .മുഹമ്മദ്<br>ശ്രീ.വി.ഡി.സതീശൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഇ-ഗവേണൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സർക്കാർ സേവനങ്ങൾ ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാക്കുക.<br>2. സർക്കാർ ഓഫീസുകൾ ഡിജിറ്റലാക്കുക<br>3. സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുക.<br>4. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു പോർട്ടലിലൂടെ നൽകുക.<br>5. സാർവത്രികവും തടസ്സരഹിതവുമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുക.<br>6. മൊബൈൽ ഗവേണൻസ് വ്യാപിപ്പിക്കുക.<br>7. സുതാര്യവും കാര്യക്ഷമവുമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുക.<br>8. ഒപ്റ്റിക്കൽ ഫൈബർ ഗേറ്റ് വേ വഴി പ്രധാനപ്പെട്ട ഓഫീസുകളെ ഡാറ്റസെന്ററുമായി ബന്ധിപ്പിക്കുക.<br>9. ഇ-ഗവേർണൻസ് ഇന്നോവേഷൻ സ്കീം ജില്ലാതലത്തിൽ നടപ്പിലാക്കുക.<br>10. ഐ.ടി. മേഖലയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കാനായുള്ള പരിശീലനം നടപ്പിലാക്കുക. |

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

(സി) ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റസെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, സെക് വാൻ (SECWAN), എം - ഗവേണൻസ്, വീഡിയോ കോൺഫറൻസിംഗ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ കൺസൽട്ടൻസി സേവനങ്ങളും നല്കുന്നുണ്ട്. വിവിധ വകുപ്പുകൾ, പൊതു ജനങ്ങൾക്ക് അറിയിപ്പുകൾ നല്കുന്നതിലേക്കായും, ഇ-മെയിൽ കമ്മ്യൂണിക്കേഷൻ നടത്തുന്നതിനും വേണ്ടി അടിസ്ഥാന തലത്തിലുള്ള വെബ്സൈറ്റുകൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ് തുടങ്ങിയ ആപ്ലിക്കേഷനുകൾ വിവിധ വകുപ്പുകളിൽ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഇ-ഓഫീസ്, ഡി.ഡി.എഫ്.എസ് മുതലായ ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിലൂടെ വിവിധ വകുപ്പുകൾ കടലാസ് രഹിത ഓഫീസുകളായിട്ടുണ്ട് .

ഇക്കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിലേക്കായി മുഖ്യമന്ത്രി തലവനായിട്ടുള്ള സ്റ്റീയറിങ്ങ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള അപ്പെക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പദ്ധതി നിർവഹണത്തിനായി വകുപ്പ് തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികൾക്കും രൂപം നല്കിയിട്ടുണ്ട്.

വിവരസാങ്കേതിക വിദ്യയുടെ വ്യാപനം സർക്കാർ ഓഫീസുകളിൽ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരുടെ വെർച്വൽ ഐ.ടി കേഡർ സംവിധാനത്തിന് രൂപം നല്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ